CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



# മൃതസംസ്‌കാര കർമ്മം

## വൈദികരുടെയും
## മെത്രാന്‌മാരുടെയും

www.TheCMSIndia.org

# മൃതസംസ്കാരകർമ്മം

## വൈദികർക്കും മെത്രാൻമാർക്കും വേണ്ടിയുള്ളത്

By

Fr. Abel C. M. I.

*Copyright reserved*

എറണാകുളം

1–10–1994

വില 5–00

www.TheCMSIndia.org

# മൃതസംസ്കാരം

## (മെത്രാന്മാരുടെയും വൈദികരുടെയും)

### ഒന്നാം ഭാഗം

ഒന്നാംഭാഗം മുറിയിൽവച്ചാണു നടത്തുക. കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് മൃതദേഹത്തിന്റെയടുക്കൽച്ചെന്നു നിന്നുകൊണ്ട് കർമ്മങ്ങൾ ആരംഭിക്കുന്നു.

സൂചന: പനിനീരും ചന്ദനത്തിരിയും വെഞ്ചരിച്ചിട്ടില്ലെങ്കിൽ ആദ്യം അവ വെഞ്ചരിക്കുന്നു.

## 1. പനിനീർ വെഞ്ചരിപ്പ്

അനുതപിക്കുന്ന പാപികളുടെ നിത്യസങ്കേതമായ ദൈവമേ, ഞങ്ങളുടെ പാപമോചനത്തിനായി ഈ പനിനീരിനെ † ആശീർവ്വദിക്കണമേ. ഈ ജലത്താൽതന്നെ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യണമേ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ.

ഉത്തരം: ആമ്മേൻ.

## ചന്ദനത്തിരി വെഞ്ചരിപ്പ്

സുഗന്ധദ്രവ്യങ്ങളുടേയും പരിമളസസ്യങ്ങളുടേയും നാഥനായ ദൈവമേ, അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ ചന്ദന

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ത്തിരിക്കാം † ആശീർവ്വദിക്കണമേ. പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

ഉത്തരം: ആമ്മേൻ.

വെഞ്ചരിച്ച പനിനീർ മൃതദേഹത്തിന്മേൽ തളിക്കുകയും ചുററും ചന്ദനത്തിരി നാട്ടുകയും ചെയ്യുന്നു.

**കാർമ്മി:** പിതാവിൻേറയും † പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

(വൈദികന്)

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും മഹനീയമായ ത്രിത്വത്തിൻെറ നിഗൂഢമായ ശക്തിയെ വാഴ്ത്തുകയും ചെയ്യുന്നു. അലംഘ്യമായ അങ്ങയുടെ കല്പനയനുസരിച്ച് ഞങ്ങളിൽനിന്നു വേർപെട്ടുപോയിരിക്കുന്ന ഈ പുരോഹിതൻെറ ആത്മാവിനെ നിത്യാനന്ദത്തിലേയ്ക്കു പ്രവേശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. സന്തോഷപൂർവ്വം അങ്ങയെ അനുഗമിക്കുകയും പരിശുദ്ധമായ അങ്ങയുടെ മുന്തിരിത്തോട്ടത്തിൽ ആത്മാർത്ഥമായി ജോലിചെയ്യുകയും ചെയ്ത ഈ വിനീത ദാസനെ അങ്ങയുടെ സന്തോഷത്തിൽ പങ്കാളിയാക്കണമേ. ജീവൻേറയും മരണത്തിൻേറയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

## (മെത്രാന്‌)

**കാർമ്മി:** കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും മഹനീയമായ ത്രീത്വത്തിന്റെ നിഗൂഢമായ ശക്‌തിയെ വാഴ്‌ത്തുകയും ചെയ്യുന്നു. അലംഘ്യമായ അങ്ങയുടെ കല്‌പനയനുസരിച്ച ഞങ്ങളിൽനിന്നു വേർപെട്ടുപോയിരിക്കുന്ന ഈ വൈദിക മേലദ്ധ്യക്‌ഷന്റെ ആത്‌മാവിനെ നിത്യാനന്ദത്തിലേയ്‌ക്കു പ്രവേശിപ്പിക്കണമെന്ന്‌ അങ്ങയോടു ഞങ്ങൾ പ്രാർത്‌ഥിക്കുന്നു. ശ്‌ളീഹന്‌മാരുടെ പിൻഗാമിയായി തന്റെ അജഗണങ്ങളെ മേയിക്കുകയും തിരുസ്സഭയ്‌ക്കു വേണ്ടി ആത്‌മാർപ്പണം ചെയ്‌തുകൊണ്ട്‌ തന്റെ ഓട്ടം പൂർത്തിയാക്കുകയും ചെയ്തിരിക്കുന്ന ഈ ആദ്ധ്യാത്മിക ഇടയനെ തന്റെ അജഗണങ്ങളോടൊത്തു സന്തോഷിക്കുവാൻ സ്വർഗ്‌ഗരാജ്യത്തിലേയ്‌ക്കു പ്രവേശിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്‌മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ.

## സങ്കീർത്തനം (21)

**ശുശ്രൂ:** അങ്ങയുടെ ശക്‌തിയിലും സഹായത്തിലും
രാജാവ്‌ ആനന്ദം കൊള്ളുന്നു.
മരിച്ചവനെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

അങ്ങയുടെ ശക്‌തിയിലും സഹായത്തിലും
രാജാവ്‌ ആനന്ദം കൊള്ളുന്നു.

അദ്ദേഹത്തിന്റെ അഭിലാഷം അങ്ങു പൂർത്തിയാക്കി:
അദ്ദേഹത്തിന്റെ പ്രാർത്ഥന അങ്ങു നിരസിച്ചില്ല.

അങ്ങ് അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കയും
കീർത്തിയുടെ കിരീടമണിയിക്കുകയും ചെയ്തു.

അദ്ദേഹം അങ്ങയോടു ജീവൻ ചോദിച്ചു:
അങ്ങ് അദ്ദേഹത്തിനു നിത്യായുസ്സു നല്കി.

അങ്ങയുടെ സഹായത്താൽ
അദ്ദേഹത്തിന്റെ മഹത്വം വർദ്ധിച്ചു.

ശ്രേയസ്സും പ്രതാപവും,
അദ്ദേഹത്തെ അങ്ങ് അണിയിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും
സ്തുതി:

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** അങ്ങയുടെ ശക്തിയിലും സഹായ
ത്തിലും

രാജാവ് ആനന്ദം കൊള്ളുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** 'നീ ഇന്ന് എന്നോടുകൂടെ പറുദീസാ യിൽ പ്രവേശിക്കു' മെന്നു നല്ല കള്ളനോടു വാഗ്ദാനം ചെയ്ത കാരുണ്യവാനായ കർത്താവേ, അങ്ങയുടെ നീതി നടത്തപ്പെടുന്ന ഭീതിജനകമായ വിധിദിവസത്തിൽ അങ്ങയുടെ സമൃദ്ധമായ അനുഗ്രഹം ഞങ്ങളെ ആശ്വസിപ്പിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥാ, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഗാനം

### നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ

നൃപനാം മിശിഹാ കർത്താവേ,
അഴലും മരണവുമില്ലാതെ
ജീവൻ വിളയും രാജ്യത്തിൽ
വാനവരോടേ ചിരകാലം
ആനന്ദത്തൊടു വാണിടുവാൻ
ദാസനു വരമിന്നരുളേണം.

### കർത്താവു വലിയവനും സ്തുത്യർഹനുമാകുന്നു

ആദിപിതാവാമാദത്തെ
സൃഷ്ടിച്ചവനാം ദൈവത്തിൽ
ആശ്രയമഖിലമണയ്ക്കുന്നു;
മർത്യനു ശരണം നീയല്ലോ:
ലോകം വ്യർത്ഥം സകലേശാ,
ഞങ്ങൾക്കരുളുക നവജീവൻ.

### വാഗ്ദാനങ്ങളിൽ കർത്താവു വിശ്വസ്തനാകുന്നു

വിലപിക്കരുതേ മരണത്തിൽ,
പുനരുത്ഥാനം വരുമല്ലോ:
അരുൾ ചെയ്തില്ലേ തിരുനാഥൻ
''ദൃഢമായെന്നിൽ വിശ്വാസം
നിക്ഷേപിക്കും മനുജനു ഞാ—
നന്തിമദിവസമുയിർപ്പേകും.''

### നീതിമാൻ വിജ്ഞാനം പ്രസംഗിക്കുന്നു

പൗലോസിൻ തിരുവാക്യങ്ങൾ
ശാന്തി നിനക്കു പകർന്നീടും;
''മർത്യനമർത്യത പുണരുന്നു;
ക്ഷയമുള്ളോനക്ഷയനാകും''
മർത്യതയേവം സകലേശൻ
നിതരാം നൂതനമാക്കുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നിൻതിരുഭവനം കാത്തിടുവാൻ
അതിനു മനോജ്ഞത ചേർത്തിടുവാൻ
ജീവിതമഖിലം നിറബലിയാ—
യർപ്പിച്ചവനിൽക്കനിയണമേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്ക, സമാധാനം

**കാർമ്മി:** പശ്ചാത്തപിക്കുന്ന പാപികളെ സ്നേഹപൂർവം സ്വീകരിക്കുന്ന കാരുണ്യവാനായ കർത്താവേ, മരിച്ചവരെ വിശുദ്ധീകരിക്കുകയും, മാലാഖമാരോടുകൂടെ സ്വർഗ്ഗത്തിൽ അങ്ങയെ സ്തുതിക്കുവാൻ അവരെ യോഗ്യരാക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനും അവർക്കു നിത്യാശ്വാസം നൽകുന്നവനുമായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂ:** ആമ്മേൻ.

## ബോധനഗാനം

(അന്നൊരു ദിവസം.........)

**കാർമ്മി:** നാഥനണഞ്ഞിടുമന്തിമ നാളിൽ
കാരുണ്യമെഴും വിധിയാൽ വാനവ—
രാജ്യം നേടും മനുജനു ഭാഗ്യം

www.TheCMSIndia.org

**സമൂ:** നാഥനണഞ്ഞിട്ട............

**കാർമ്മി:** കറയററവനായ്ച്ചിരമഹിമാവിൽ
മിന്നിവിളങ്ങും മുഖമൊട്ട കല്ലറ
വിട്ടെഴനേൽക്കും മനുജനു ഭാഗ്യം

**സമൂ:** നാഥനണഞ്ഞിട്ട............

**കാർമ്മി:** 'വരിക നിനക്കായാദിമുതൽ ഞാൻ
കരുതിയ രാജ്യം നേടുക' നാഥനിൽ
നിന്നിതു കേൾക്കും മനുജനു ഭാഗ്യം.

**സമൂ:** നാഥനണഞ്ഞിട്ട............

## സങ്കീർത്തനം (90)

**ശുശ്രൂ:** കർത്താവേ, എല്ലാത്തലമുറകളിലും
അങ്ങു ഞങ്ങളുടെ അഭയമാകുന്നു:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു

കർത്താവേ, എല്ലാത്തലമുറകളിലും
അങ്ങു ഞങ്ങളുടെ അഭയമാകുന്നു.

മനുഷ്യരെ അങ്ങു പൊടിയിലേയ്ക്കു
പിന്തിരിക്കുകയും
'നിങ്ങൾ പശ്ചാത്തപിക്കുവി'നെന്ന്
അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

അങ്ങേയ്ക്കു ആയിരം വത്സരങ്ങൾ
അസ്തമിച്ചൊരു ദിവസം പോലെയും
രാത്രിയുടെ യാമം പോലെയുമാകുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലോകത്തിൽ മനുഷ്യന്റെ ജീവിതം
കിനാവുപോലെ കടന്നു പോകുന്നു.

രാവിലെ പൂവിടുകയും
വൈകുന്നേരം വാടിത്തളരുകയും ചെയ്യുന്ന
വയലിലെ പുഷ്പം പോലെതന്നെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

**ശുശ്രൂ:** കർത്താവേ, എല്ലാത്തലമുറകളിലും
അങ്ങു ഞങ്ങളുടെ അഭയമാകുന്നു:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.
പ്രാർത്ഥിക്കാം, നമുക്കു സമാധാനം.

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയും പ്രകാശവുമായ ദൈവമേ, പാപികളും ബലഹീനരുമായ ഞങ്ങളെ അനുഗ്രഹിക്കണമേ. കർത്താവേ, ഈ സഹോദരന്റെ (വൈദികമേലദ്ധ്യക്ഷന്റെ) ആത്മാവിനു നിത്യാശ്വാസം നൽകണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, മരിച്ചവരെ അങ്ങു കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യമഹത്വമണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ:** ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## സമാപന പ്രാർത്ഥന

**കാർമ്മി:** സത്യവിശ്വാസത്തോടുകൂടെ മരണം പ്രാപിക്കുന്നവർക്കു പ്രകാശപൂർണ്ണമായ പുനരുത്ഥാനം വാഗ്ദാനം ചെയ്തിരിക്കുന്ന കർത്താവേ, ഞങ്ങളുടെയിടയിൽനിന്നു വേർപിരിഞ്ഞുപോയിരിക്കുന്ന ബ....അച്ചനു (വന്ദ്യപിതാവിനു) മഹനീയമായ ഉയിർപ്പും അനശ്വരമായ സൗഭാഗ്യവും പ്രദാനം ചെയ്യണമേ. വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ഇദ്ദേഹം ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാം പൊറുത്തു മാലാഖമാരുടെയും വിശുദ്ധരുടെയും വസതിയിലേയ്ക്ക് ഇദ്ദേഹത്തെ സ്വീകരിക്കണമേ. ഈ സംസ്കാരകർമ്മത്തിൽ സംബന്ധിച്ച് ഈ വൈദികനെ (വൈദികമേലദ്ധ്യക്ഷനെ) ബഹുമാനിക്കുകയും ഇദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരെയും അനുഗ്രഹിക്കണമേ. അങ്ങയുടെ പ്രസാദവരം ഞങ്ങളിൽ വസിക്കുകയും, അങ്ങയുടെ അനുഗ്രഹം ഞങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും † എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

ശവപ്പെട്ടി കുഴിയിലേയ്ക്ക് ഇറക്കുന്നു. കാർമ്മികൻ കുഴിയിൽ കുന്തുരുക്കമിട്ടശേഷം കുരിശിന്റെ പക്കലേയ്ക്കു മാറി നിൽക്കുന്നു. മററുള്ളവർ കുന്തുരുക്കമിട്ട ശേഷം കുരിശു തൊട്ടു നമസ്കരിക്കുന്നു. കുഴി മൂടുന്നു.

സൂചന: സന്യാസ വൈദികർക്കു വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനകൾ 'സന്യാസീസന്യാസിനിമാർക്കു വേണ്ടിയുള്ള മൃത സംസ്കാരകർമ്മ'ങ്ങളിൽ കാണുക.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS